പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 18/03/2015 -ൽ മറുപടിക്ക്
നമ്പർ: 2249

**<u>മുദ്രപത്രങ്ങളുടെ ക്ഷാമം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ പല വെണ്ടർ ഓഫീസുകളിലും പല നിരക്കിലുള്ള മുദ്രപത്രങ്ങൾ കിട്ടാനില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) മുദ്രപത്രത്തിന് ക്ഷാമം നേരിടുന്ന തിനുള്ള കാരണം വ്യക്തമാക്കുമോ; | ബി) പ്രതീക്ഷിത കരുതലിനെക്കാൾ ആവശ്യം കൂടുമ്പോഴാണ് പൊതുവെ ക്ഷാമം അനുഭവപ്പെടുന്നതായി കാണുന്നത്. |
| സി) മുദ്രപത്രങ്ങൾ ആവശ്യക്കാർക്ക് ലഭ്യ മാക്കുന്നതിന് നടപടികൾ സ്വീകരി ക്കുമോ ? | സി) കേരളത്തിലെ 12 ജില്ലാ സ്റ്റാമ്പ് ഡിപ്പോകൾ വഴിയാണ് മുദ്രപ്പത്രങ്ങൾ വിതരണം ചെയ്യുന്നത്. സ്റ്റോക്ക് തീരുന്ന മുറയ്ക്ക് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്ന് ഈ ഡിപ്പോകളിലേക്ക് സ്റ്റാമ്പ് എത്തിക്കുകയാണ് ചെയ്യുന്നത്. സാമ്പത്തിക വർഷാവസാനമായ മാർച്ച് മാസത്തെ അധിക വിൽപ്പന കണക്കിലെടുത്ത് 100 രൂപയുടെ മുദ്രപ്പത്രം ആവശ്യത്തിന് ഉണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.